**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **08-10-2025 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ ലാന്റ് സർവേ സംവിധാനം ദേശീയ തലത്തിൽ തന്നെ മാതൃകയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളം ഭൂപരിപാലന മേഖലയിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാവുകയാണ്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച്, ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി നടപ്പിലാക്കി. RTK (Real-Time Kinematic) സർവെ, GNSS (Global Navigation Satellite System), GIS (Geographic Information System) അടിസ്ഥാനപ്രക്രിയകൾ എന്നിവയുടെ സംയോജനത്തിലൂടെ ഭൂവിവരങ്ങളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) ആരംഭിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സുതാര്യമായ സേവനങ്ങൾ നൽകുന്നതിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസേവനങ്ങൾ സംയോജിപ്പിച്ചു കൊണ്ട് എന്റെ ഭൂമി സംയോജിത പോർട്ടൽ സജ്ജീകരിച്ചത്. വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം നിർണായകമായ പങ്ക് വഹിച്ചു.<br><br>ഡിജിറ്റൽ ലാൻഡ് സർവെയിലൂടെ കേരളം നേടിയ പുരോഗതിയും വിപ്ലവകരമായ പരിഷ്കാരങ്ങളും രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും, വിവിധ സംസ്ഥാനങ്ങളിലെയും, രാജ്യങ്ങളിലെയും ഡിജിറ്റൽ അറിവുകൾ പങ്കുവെക്കുന്നതിനുമായി - റവന്യൂ വകുപ്പും സർവെയും ഭൂരേഖയും വകുപ്പും സംയുക്തമായി ദേശീയ സർവെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.<br><br>പ്രസ്തുത കോൺക്ലേവിൽ രാജ്യത്തെ 23 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും, കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരും, ബഹു.ഹിമാചൽ പ്രദേശ് റവന്യൂ വകുപ്പ് മന്ത്രിയും, മുതിർന്ന IAS |

ഉദ്യോഗസ്ഥരും, വിഷയാവതരണത്തിനെത്തിയ സ്പീക്കർമാരും സംസ്ഥാനത്തെ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഉൾപ്പെടെ 500-ഓളം പേർ പങ്കെടുത്തിരുന്നു.

RTK സർവെയുടെ പ്രായോഗിക സംവിധാനങ്ങൾ,GIS & GNSS അടിസ്ഥാന സർവെ പ്രക്രിയകൾ എന്നിവയെ കുറിച്ചും, ഡിജിറ്റൽ രേഖകളുടെ സൂക്ഷ്മ നിർവഹണവും അപ്ഡേറ്റ് പ്രക്രിയ, പോരായ്മകൾ കണ്ടെത്തൽ, സംശയനിവാരണവും ഫീഡ്ബാക്ക് എന്നിവയെക്കുറിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ ഉദ്യോഗസ്ഥർക്ക് മനസിലാക്കുന്നതിന് ഇതിലൂടെ കഴിഞ്ഞു. കേരള സർവെ മോഡൽ നേരിട്ട് കാണാനും ഡിജിറ്റൽ സർവെയുടെ നേട്ടങ്ങൾ വിലയിരുത്തുന്നതിനും അവസരമുണ്ടാക്കി. സംസ്ഥാന ഡിജിറ്റൽ സർവെ സംവിധാനത്തിന്റെ മികച്ച മാർഗനിർദ്ദേശങ്ങളും, നയങ്ങളും ദേശീയ തലത്തിൽ മറ്റുസ്ഥാപനങ്ങൾക്ക് പഠനവിധേയമായി. കേരളത്തിന്റെ ഡിജിറ്റൽ ലാൻഡ് സർവെ സംവിധാനം സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തേക്കുമുള്ള മാതൃകയായി. കോൺക്ലേവിലൂടെ അന്തർസംസ്ഥാന ഉദ്യോഗസ്ഥർക്ക് പരിശീലനവും അനുഭവങ്ങൾ പങ്കിടലും നടന്നു. ഇത് ഭാവിയിൽ കൂടുതൽ സമഗ്ര ഡിജിറ്റൽ സർവെ പദ്ധതികൾക്ക് വഴിതുറക്കും. നാഷണൽ സർവെ കോൺക്ലേവിലുണ്ടായ വലിയ പ്രാതിനിധ്യവും കോൺക്ലേവിന് ശേഷവും ഒരാഴ്ച്ച മുതൽ ഒരു മാസ കാലം വരെ നീണ്ടു നിൽക്കുന്ന ട്രെയിനിങ്ങിനായി കേരളത്തിലേക്ക് വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഉദ്യോഗസ്ഥൻമാർ വീണ്ടും എത്തിച്ചേരുന്നതും കേരളത്തിലെ ഡിജിറ്റൽ സർവ്വെ നടപടികൾക്കുള്ള അംഗീകാരമാണ്. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂവിതരണത്തിൽ ഇന്ത്യക്ക് മാതൃകയായ കേരളം ഡിജിറ്റൽ സർവ്വെയിലൂടെയും ഭൂഭരണത്തിന്റെ ആധുനികവൽക്കരണത്തിലൂടെയും വീണ്ടും ഒരു കേരള മോഡൽ സൃഷ്ടിക്കുകയാണ്.

ഡിജിറ്റൽ സർവെ വഴി സർവെ പൂർത്തീകരിച്ച വില്ലേജുകളിലുൾപ്പെട്ട വസ്തുക്കളുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ - ഭൂരേഖ വിവരങ്ങളുടെ കൃത്യമായതും ഡിജിറ്റലായി നാളതീകരിച്ചതുമായ സ്കെച്ചോടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി നടക്കുന്നതാണ്. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി

| | | | |
|---|---|---|---|
| | | | ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതുവഴി വർദ്ധിക്കുന്നു. ഈ ഓൺലൈൻ സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ആധുനിക സാങ്കേതിക വിദ്യയുടെ പൂർണ്ണ സംരക്ഷണവും ലഭിക്കുന്നതാണ്. വിവിധ സംസ്ഥാനങ്ങൾ ഈ നൂതന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സർവെ വിവരങ്ങളെ കുറിച്ച് അറിയുന്നതിനും പഠനം നടത്തുന്നതിനും തങ്ങളുടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനും ഇതിനകം മുന്നോട്ടുവന്നിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നടപ്പാക്കുന്ന എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതിയിലൂടെ ഭൂവിവരങ്ങളുടെ കൃത്യതയും സുതാര്യതയും എത്രത്തോളം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കേരളം നടപ്പാക്കുന്ന ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി സംസ്ഥാനത്തെ ഭൂവിവരങ്ങൾ ശാസ്ത്രീയമായും കൃത്യമായും രേഖപ്പെടുത്തുന്നതിനും RTK (Real-Time Kinematic) സർവെ സംവിധാനങ്ങൾ, GNSS (Global Navigation Satellite System) അടിസ്ഥാനമാക്കി GIS (Geographic Information System) ഉപയോഗിച്ചാണ് സർവെ ചെയ്യുന്നത്.<br><br>RTK സാങ്കേതിക വിദ്യയിലൂടെ ഭൂമിയുടെ വിസ്തൃതി, വസ്തുവിന്റെ അതിരുകൾ, എന്നിവ കൃത്യമായി രേഖപ്പെടുത്താൻ കഴിയുന്നു. സാങ്കേതിക പരിശോധനകളിലൂടെ തൽസമയം തെറ്റുകൾ കണ്ടെത്തി പരിഹരിക്കാൻ കഴിയുന്നു. എല്ലാ ഭൂമി സംബന്ധ വിവരങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അപ്‌ലോഡ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. കൂടാതെ വിവരങ്ങൾ പൊതുജനങ്ങൾക്കും സർക്കാർ ഓഫീസുകൾ, നിയമനിർവഹണ ഏജൻസികൾ എന്നിവയ്ക്ക് സുതാര്യമായ രീതിയിൽ ലഭ്യമാകുന്നു.<br><br>ഡിജിറ്റൽ രേഖകൾ സുരക്ഷിതമായ ക്ലൗഡ്/ സെൻട്രലൈസ് ചെയ്ത സിസ്റ്റത്തിൽ സൂക്ഷിക്കുന്നു. രേഖകളുടെ അപ്ഡേറ്റ്, ട്രാക്കിംഗ്, റിവിഷൻ എന്നിവ നടത്തപ്പെടുന്നു, ഇത് വസ്തുക്കളുടെ കൈമാറ്റത്തിലെ നിയമപരമായ കാര്യങ്ങൾക്ക് സഹായിക്കുന്നു. "എന്റെ ഭൂമി" ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി (Ente Bhoomi Digital Land Survey Project) സംസ്ഥാനത്ത് നടപ്പിലാക്കിയതുവഴി ഭൂവിവരങ്ങളിൽ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിൽ വലിയൊരു മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ഇത് ഭൂമി അളവ് സംബന്ധമായ പ്രശ്നങ്ങൾ കുറയ്ക്കാനും, ഭൂമിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. |
| (സി) | റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വേഗതയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് | (സി) | ഉണ്ട്. |

| | | |
|---|---|---|
| | ഡിജിറ്റൽ സർവേക്കൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചത് സഹായകരമായിട്ടുണ്ടോ; | ഡിജിറ്റൽ സർവെയോടൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) സംസ്ഥാനത്ത് റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങളെ ഏകോപിപ്പിച്ച് ജനങ്ങൾക്ക് സുതാര്യവും കൃത്യവുമായ സേവനങ്ങൾ വളരെ വേഗം ലഭ്യമാക്കുന്നതിന് സഹായകമായിട്ടുണ്ട്.<br><br>സർവെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സംയോജിപ്പിച്ചിട്ടുള്ളതിനാൽ തെറ്റുകൾ കുറയുന്നു. ILIMS വഴി വിവിധ വകുപ്പുകളുടെ ഡാറ്റയും സർവെ വിവരങ്ങളും ഒരേ പ്ലാറ്റ്ഫോമിലാണ് ലഭ്യമാകുന്നത്. ഇത് രജിസ്ട്രേഷൻ, സർവെ, റവന്യൂ വകുപ്പുകളിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നു. ആവശ്യമായ രേഖകൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകുകയും അപ്ഡേറ്റ്, റിവിഷൻ, ട്രാക്കിംഗ് എന്നിവ ലളിതമാവുകയും ചെയ്യുന്നു.<br><br>ഭൂസ്വത്ത് ഇടപാടുകൾ, സർവെ, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ നേരിട്ട് ലഭ്യമാകുന്നു. ILIMS സിസ്റ്റം ഡിജിറ്റൽ സർവെ സംവിധാനവുമായി സംയോജിപ്പിച്ചതിലൂടെ കേരളത്തിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്ന ഒരു മാതൃകാ സംവിധാനം ഒരുക്കാൻ സാധിച്ചിട്ടുണ്ട്.<br><br>റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സംയോജിത പോർട്ടലായ എന്റെ ഭൂമി നിലവിൽ വന്നതോടെ ഡിജിറ്റൽ സർവെ വില്ലേജുകളിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടെംപ്ലേറ്റ് അധിഷ്ഠിത ഡോക്യുമെന്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ആട്ടോ മ്യൂട്ടേഷൻ എന്നീ നടപടികൾ സഹിതമാണ് എന്റെ ഭൂമി സംയോജിത പോർട്ടൽ ഒരുക്കിയിട്ടുള്ളത്.<br><br>രജിസ്ട്രേഷൻ വകുപ്പ് - ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റ് രജിസ്ട്രേഷൻ - ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ ഉപയോക്താക്കൾക്ക് എളുപ്പത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി ഡീഡ് രജിസ്റ്റർ ചെയ്യാൻ സൗകര്യമൊരുക്കുന്നു.<br><br>സർവെ വകുപ്പ് - പ്രീ മ്യൂട്ടേഷൻ സ്കെച്ച് - (പ്രീ മ്യൂട്ടേഷൻ സ്കെച്ച് ഡിജിറ്റൽ മാപ്പുകൾ വഴി വസ്തു കൈമാറ്റത്തിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു, തർക്കങ്ങൾ ഒഴിവാക്കുന്നു.) |

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പ് - ആട്ടോ മ്യൂട്ടേഷൻ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ (ആട്ടോ മ്യൂട്ടേഷൻ വഴി) പോക്കുവരവും തണ്ടപ്പേരും സ്വയം അനുവദിക്കപ്പെടുകയും, ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ മാപ്പ് എന്നിവ ലഭ്യമാകുകയും, ഭൂമിയുടെ കരം അടയ്ക്കുന്നതിനും സാധിക്കുന്നു.) ആയതിനാൽ തന്നെ മറ്റ് തടസ്സങ്ങൾ ഇല്ലാത്ത (conditioned land transaction) ഭൂമി കൈമാറ്റമാണെങ്കിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നതോടെ പോക്ക് വരവ് ഉടനടി നടക്കുന്നതും അപേക്ഷകന് കരം അടയ്ക്കുന്നതിന് സാധിക്കുന്നതുമാണ്.<br><br>സംസ്ഥാനത്ത് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത മുന്നിൽകണ്ട് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ഏറ്റവും സുതാര്യവും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ, രജിസ്ട്രേഷൻ സർവെ എന്നീ വകുപ്പുകളിലെ ഭൂ സംബന്ധമായ സേവനങ്ങൾ ഏകജാല സംവിധാനത്തിലൂടെ നൽകുന്നതിലേക്കായിട്ടാണ് എൻ്റെ ഭൂമി സംയോജിത പോർട്ടൽ (Integrated Land information Management System - ILIMS)തയ്യാറാക്കി പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. |
| (ഡി) | ഡിജിറ്റൽ റീസർവേയുടെ നിലവിലെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ഡി) | ഡിജിറ്റൽ റീസർവെയുടെ നിലവിലെ മൂന്നു ഘട്ടങ്ങളിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ആദ്യഘട്ട 200 വില്ലേജുകളുടെ പുരോഗതി

| നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച വില്ലേജുകളുടെ എണ്ണം | പൂർത്തീകരിച്ച വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 28996.77 | 22 | 28996.77 | 100.00 |
| 2 | കൊല്ലം | 21875.03 | 12 | 21875.03 | 100.00 |
| 3 | പത്തനംതിട്ട | 37144.86 | 12 | 37144.86 | 100.00 |
| 4 | ആലപ്പുഴ | 12420.97 | 8 | 12420.97 | 100.00 |
| 5 | കോട്ടയം | 15620.03 | 9 | 15620.03 | 100.00 |
| 6 | ഇടുക്കി | 81732.53 | 13 | 81732.53 | 100.00 |
| 7 | എറണാകുളം | 14708.13 | 13 | 14708.13 | 100.00 |
| 8 | തൃശ്ശൂർ | 17202.20 | 23 | 17202.20 | 100.00 |
| 9 | പാലക്കാട് | 26775.65 | 14 | 26775.65 | 100.00 |
| 10 | മലപ്പുറം | 22655.99 | 18 | 22655.99 | 100.00 |
| 11 | കോഴിക്കോട് | 29490.26 | 16 | 29490.26 | 100.00 |
| 12 | വയനാട് | 31691.39 | 8 | 31691.39 | 100.00 |
| 13 | കണ്ണൂർ | 30020.88 | 14 | 30020.88 | 100.00 |
| 14 | കാസർകോട് | 10185.63 | 18 | 10185.63 | 100.00 |
| | **ആകെ** | **380,520.33** | **200.00** | **380,520.33** | **100.00** |

## രണ്ടാം ഘട്ട 239 വില്ലേജുകളുടെ പുരോഗതി

| നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച വില്ലേജുകളുടെ എണ്ണം | പൂർത്തീകരിച്ച വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 51381.4 | 24 | 24918.83 | 48.50 |
| 2 | കൊല്ലം | 29062.1 | 18 | 26257.39 | 90.35 |
| 3 | പത്തനംതിട്ട | 108193.5 | 20 | 28096.03 | 25.97 |
| 4 | ആലപ്പുഴ | 30812.1 | 23 | 15440.90 | 50.11 |
| 5 | കോട്ടയം | 19549.7 | 13 | 20281.49 | 103.74 |
| 6 | ഇടുക്കി | 99943.4 | 11 | 42788.60 | 42.81 |
| 7 | എറണാകുളം | 22796 | 15 | 19868.46 | 87.16 |
| 8 | തൃശ്ശൂർ | 18158 | 24 | 18539.97 | 102.10 |
| 9 | പാലക്കാട് | 47820.6 | 15 | 28620.06 | 59.85 |
| 10 | മലപ്പുറം | 47716.5 | 19 | 32802.12 | 68.74 |
| 11 | കോഴിക്കോട് | 33254.5 | 17 | 16129.65 | 48.50 |
| 12 | വയനാട് | 33944 | 7 | 25432.25 | 74.92 |
| 13 | കണ്ണൂർ | 25992.5 | 14 | 26524.28 | 102.05 |
| 14 | കാസർകോട് | 35876 | 19 | 32941.35 | 91.82 |
| | **ആകെ** | **604500.3** | **239** | **358.641.38** | **59.33** |

**മൂന്നാം ഘട്ട 200 വില്ലേജുകളുടെ പുരോഗതി**

| നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | അനുവദിച്ച വില്ലേജുകളുടെ എണ്ണം | പൂർത്തീകരിച്ച വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 50574.4 | 21 | 11020.25 | 21.79 |
| 2 | കൊല്ലം | 42623.3 | 13 | 4749.45 | 11.14 |
| 3 | പത്തനംതിട്ട | 13500.3 | 8 | 562.73 | 4.17 |
| 4 | ആലപ്പുഴ | 15656 | 0 | 0.23 | 0.00 |
| 5 | കോട്ടയം | 30641 | 10 | 10702.29 | 34.93 |
| 6 | ഇടുക്കി | 49852 | 10 | 4908.37 | 9.85 |
| 7 | എറണാകുളം | 28052 | 14 | 8017.74 | 28.58 |
| 8 | തൃശ്ശൂർ | 24685.8 | 24 | 2514.21 | 10.18 |
| 9 | പാലക്കാട് | 39033 | 15 | 4806.56 | 12.31 |
| 10 | മലപ്പുറം | 65861 | 19 | 5475.45 | 8.31 |
| 11 | കോഴിക്കോട് | 42737.6 | 18 | 822.85 | 1.93 |
| 12 | വയനാട് | 30363 | 6 | 9607.63 | 31.64 |
| 13 | കണ്ണൂർ | 56908.5 | 21.19931.81 | 19931.81 | 35.02 |
| 14 | കാസർകോട് | 15287.2 | 12 | 1541.78 | 10.09 |
| | **ആകെ** | **505775.1** | **200** | **84,661.36** | **16.74** |